# വൈദ്യരത്നം
# ആയുർവേദ കോളേജ്

(സർക്കാർ എയ്ഡഡ് സ്ഥാപനം)

വൈദ്യരത്നംആയുർവേദ കോളേജ് ഹോസ്പിറ്റൽ – NABH അംഗീകൃതം

വൈദ്യരത്നം റോഡ്, തൈക്കാട്ടുശ്ശേരി പി.ഒ., ഒല്ലൂർ, തൃശ്ശൂർ, കേരള, ഇന്ത്യ- 680306, Ph:+91 487 2352503
E-mail : vaidyaratnamedu@rediffmail.com, vac.ollur@gmail.com, www.vaidyaratnamcollege.org


B3/694/2020/VAC　　　　Date: 16.6.2026

## കാന്റീൻ നടത്തിപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നു

വൈദ്യരത്നം ആയുർവേദ കോളേജ് ആശുപത്രി, ഒല്ലൂരിൽ പ്രവർത്തിക്കുന്ന കാന്റീൻ നടത്തിപ്പിനായി താൽപര്യവും യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**1. യോഗ്യത**

a) ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനം, സർക്കാർ/അർദ്ധസർക്കാർ സ്ഥാപനം, വ്യവസായ സ്ഥാപനം തുടങ്ങിയവിടങ്ങളിൽ കാന്റീൻ/ഭക്ഷണശാല നടത്തിപ്പിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

b) വ്യക്തിയോ സ്ഥാപനമോ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം ആവശ്യമായ ലൈസൻസുകളും രജിസ്ട്രേഷനുകളും നേടാൻ യോഗ്യരായിരിക്കണം.

**2. നടത്തിപ്പുമായി ബന്ധപ്പെട്ട നിബന്ധനകൾ**

a) തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി/സ്ഥാപനം ഭക്ഷ്യസുരക്ഷാ നിയമം, തൊഴിൽ നിയമങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചട്ടങ്ങൾ, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ പ്രകാരം ആവശ്യമായ ലൈസൻസുകളും രജിസ്ട്രേഷനുകളും സ്വന്തം ചെലവിൽ നേടിയിരിക്കേണ്ടതാണ്.

b) ഭക്ഷണപാനീയങ്ങളുടെ ഗുണനിലവാരം, ശുചിത്വം, സുരക്ഷ എന്നിവ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളും NABH മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

c) കാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാർ മെഡിക്കൽ ഫിറ്റ്നസ്, യൂണിഫോം, ഹെഡ് കവർ, വ്യക്തിശുചിത്വം എന്നിവ സംബന്ധിച്ച ആശുപത്രി നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

d) കാന്റീൻ, അടുക്കള, ഉപകരണങ്ങൾ, പരിസരം എന്നിവ എല്ലായ്പ്പോഴും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്.

e) രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള ഭക്ഷണപാനീയങ്ങൾ ന്യായമായ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

**3. തിരഞ്ഞെടുപ്പ്**

a) അപേക്ഷകരുടെ പ്രവൃത്തിപരിചയം, പ്രവർത്തനശേഷി, നിയമാനുസൃത യോഗ്യതകൾ, ആശുപത്രിയുടെ ആവശ്യകതകൾ, നിർദ്ദേശിക്കുന്ന ഭക്ഷണസാധനങ്ങളുടെയും നിരക്കുകളുടെയും യുക്തിസഹത എന്നിവ പരിഗണിച്ചായിരിക്കും തിരഞ്ഞെടുപ്പ്.

b) ആവശ്യമെങ്കിൽ അപേക്ഷകരെ നേരിട്ട് വിളിച്ച് വിശദാംശങ്ങൾ പരിശോധിക്കുന്നതാണ്.

(മറുപുറം)

**4. കാലാവധി**

തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ പ്രാരംഭമായി **ഒരു വർഷത്തേക്ക്** കാന്റീൻ നടത്തുന്നതിനുള്ള അനുമതി നൽകുന്നതാണ്. പ്രവർത്തനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**5. അപേക്ഷ സമർപ്പിക്കേണ്ട വിധം**

താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ പ്രവൃത്തിപരിചയം, ലൈസൻസ്, രജിസ്ട്രേഷൻ, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം അപേക്ഷ **27/6/2026 തീയതി വൈകുന്നേരം 4:30 മണിക്ക് മുമ്പായി** പ്രിൻസിപ്പൽ, വൈദ്യരത്നം ആയുർവേദ കോളേജ് ആശുപത്രി, ഒല്ലൂർ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നതല്ല.**

**6. പൊതുവ്യവസ്ഥകൾ**

a) അപേക്ഷകൾ സ്വീകരിക്കുന്നതും, നിരസിക്കുന്നതും, കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുന്നതും, തിരഞ്ഞെടുപ്പ് നടപടികൾ ഭേദഗതി ചെയ്യുന്നതും, വിജ്ഞാപനം റദ്ദാക്കുന്നതും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പ്രിൻസിപ്പലിന്റെ വിവേചനാധികാരത്തിന് വിധേയമായിരിക്കും.

b) ഇക്കാര്യത്തിൽ പ്രിൻസിപ്പൽ കൈക്കൊള്ളുന്ന തീരുമാനം അന്തിമവും ബാധകവുമായിരിക്കും.

c) അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും അപേക്ഷകന് കാന്റീൻ നടത്തിപ്പിനുള്ള അവകാശവാദം ഉന്നയിക്കുവാൻ സാധിക്കുന്നതല്ല.

VAIDYARATNAM AYURVEDA COLLEGE KERALA PIN CODE 680 306 THAIKKATTUSSERY, THRISSUR

പ്രിൻസിപ്പാൾ

PRINCIPAL
VAIDYARATNAM AYURVEDA COLLEGE
THAIKKATTUSSERY, THRISSUR, KERALA

**പകർപ്പ് :**

1. കോളേജ്/ആശുപത്രി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനായി.
2. കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. ആശുപത്രി സൂപ്രണ്ട്, ആവശ്യമായ തുടർനടപടികൾക്കായി.
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിവരത്തിനും ആവശ്യമായ നടപടികൾക്കുമായി.
5. ഫയലിലേക്ക്.